**<u>14 -ാം കേരള നിയമസഭ</u>**

**<u>22 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1870</u>** **<u>19-01-2021 - ൽ മറുപടിയ്ക്ക്</u>**

**<u>ട്രാഫിക് നിയമലംഘനം തടയുന്നതിന് നടപടി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം കെ.എസ്.ആർ.ടി.സി. ബസ്, ടിപ്പർ ലോറികൾ ഇവ മാത്രം ഉണ്ടാക്കിയ വാഹന അപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം എത്രയാണ്; വെളിപ്പെടുത്തുമോ; | (എ) | 1525 |
| (ബി) | അമിതവേഗം കാരണം 2018-19 വർഷത്തിൽ ക്യാമറ മുഖേന പിടിക്കപ്പെട്ട വാഹനങ്ങളുടെ എണ്ണം എത്ര; ആർ.ടി.ഒ. തിരിച്ച് വ്യക്തമാക്കാമോ; | (ബി) | 791925 തിരുവനന്തപുരം 7163 കൊല്ലം 593 പത്തനംതിട്ട 182 ആലപ്പുഴ 253 കോട്ടയം 1307 ഇടുക്കി 1986 എറണാകുളം 758157 തൃശ്ശൂർ 2000 പാലക്കാട് 2100 മലപ്പുറം 8200 കോഴിക്കോട് 1280 വയനാട് 3200 കണ്ണൂർ 3071 കാസർഗോഡ് 2040 ആറ്റിങ്ങൽ 253 മൂവാറ്റുപ്പുഴ ---- വടകര ആർ.ടി.ഒ. എൻ.എസ് 140 ആകെ 791925 |
| (സി) | ഇതിൽ എത്ര ഉടമകളിൽ നിന്നും പിഴ ഈടാക്കി; എത്ര തുക; അറിയിക്കാമോ; | (സി) | ഉടമകളുടെ എണ്ണം -782178 പിഴ തുക - 217425720 രൂപ |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ അമിതവേഗം ഉൾപ്പെടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട എത്ര പേരുടെ ലൈസൻസ് റദ്ദാക്കി; ഇവരിൽ കെ.എസ്.ആർ.ടി.സി ഡ്രൈവർമാർ എത്രപേരുണ്ടെന്ന് അറിയിക്കുമോ; ആർ.ടി.ഒ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ഡി) | അമിതവേഗം ഉൾപ്പടെ വിവിധ കാരണങ്ങളാൽ പിടിക്കപ്പെട്ട51198 പേരുടെ ലൈസൻസ് റദ്ദാക്കി ഇവരിൽ കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ 259. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ എണ്ണം ആർ.ടി.ഒ. തിരിച്ച് ചുവടെ ചേർക്കുന്നു തിരുവനന്തപുരം 25 കൊല്ലം 40 പത്തനംതിട്ട 3 ആലപ്പുഴ 30 കോട്ടയം 20 ഇടുക്കി 2 എറണാകുളം 60 തൃശ്ശൂർ 9 പാലക്കാട് 1 മലപ്പുറം 1 കോഴിക്കോട് 5 വയനാട് 19 കണ്ണൂർ 3 കാസർഗോഡ് 6 ആറ്റിങ്ങൽ 6 മൂവാറ്റുപ്പുഴ 26 വടകര 3 ആർ.ടി.ഒ ----- എൻ.എസ് ആകെ 259 |
| (ഇ) | സംസ്ഥാനത്ത് മിക്ക സ്വകാര്യവാഹനങ്ങളിലും ഹാലജൻ ബൽബുകൾ ഹൈ ബീം ലൈറ്റുകൾ ഇവ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരം ലൈറ്റുകൾ വാഹനങ്ങളിൽ ഉപയോഗിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്, ഹാലജൻ ബൾബുകൾ അതതു വാഹനങ്ങളുടെ ടൈപ്പ് അപ്രൂവൽ (ARAI) പ്രകാരം അനുവദനീയമാണ്. |

| | | | |
|---|---|---|---|
| (എഫ്) | സ്വകാര്യ ടൂറിസ്റ്റ് ബസുകളിൽ ഡി.ജെ. മ്യൂസിക് സംവിധാനവും, ആഡംബര ലൈറ്റുകളും മറ്റും ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര വാഹനങ്ങളിൽ നിന്നും ഇവ പിടിച്ചെടുത്തു; ആർ.ടി.ഒ. തിരിച്ച് 2019 ജനുവരി മുതലുള്ള കണക്ക് വ്യക്തമാക്കുമോ; ഈയിനത്തിൽ പിഴയായി എത്ര തുക ഈടാക്കി; വെളിപ്പെടുത്തുമോ; | (എഫ്) | ഇല്ല, പിഴ ഇനത്തിൽ 2130100/-രൂപ പിരിച്ചെടുത്തു. തിരുവനന്തപുരം 143 കൊല്ലം 10 പത്തനംതിട്ട 38 ആലപ്പുഴ 50 കോട്ടയം 38 ഇടുക്കി 98 എറണാകുളം 233 തൃശ്ശൂർ 198 പാലക്കാട് 12 മലപ്പുറം 70 കോഴിക്കോട് 7 വയനാട് 3 കണ്ണൂർ 9 കാസർഗോഡ് 4 ആറ്റിങ്ങൽ 71 മുവാറ്റുപ്പുഴ 116 വടകര 3 ആർ.ടി.ഒ എൻ.എസ് ------- ആകെ 1103 |
| (ജി) | ഇത്തരത്തിൽ വർദ്ധിച്ചുവരുന്ന ട്രാഫിക് നിയമലംഘനങ്ങൾ തടയുവാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി പുതിയ എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ജി) | കേരളത്തിൽ 14 ജില്ലകളിലായി 24X7 സമയവും പ്രവർത്തിക്കുന്ന 85 സ്ക്വാഡുകൾ സേഫ് കേരള പദ്ധതിയുടെ ഭാഗമായി നിലവിൽ വന്നിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ഒരു സെൻട്രൽ കൺട്രോൾ റൂമും ജില്ലകളിൽ വെവ്വേറെ കൺട്രോൾ റൂമുകളും നിലവിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. റോഡ് സുരക്ഷാ നടപടികൾ ഏകോപിക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനും ഇതുകൊണ്ട് സാധ്യമാകും. |

സെക്ഷൻ ഓഫീസർ